THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

**WORKSHEET**
**GRADE-X**
**CHAPTER-IV**

**I.**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക

**1.**കുട്ടികൃഷ്ണമാരാരുടെ ഏതു കൃതിക്കാണ് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത്**?**
**i.**കല ജീവിതം തന്നെ
**ii.**കല തന്നെ ജീവിതം
**iii.**ജീവിതം തന്നെ കല
**iv.**കലയാകുന്ന ജീവിതം

**2.**കുട്ടികൃഷ്ണമാരാരുടെ രചനകളിൽ ഉൾപ്പെടാത്തത് ഏത്**?**
**i.**സാഹിത്യ സല്ലാപം
**ii.**സാഹിത്യ വിദ്യ
**iii.**സാഹിത്യ ഭൂഷണം
**iv.**സാഹിത്യ കല

**3.**മാരാരുടെ ഏത് കൃതിയിലെ ഭാഗമാണ് യുദ്ധത്തിൻറെ പരിണാമം**?**
**i.**ഭാരതപര്യവസാനം
**ii.**ഭാരതസഞ്ചാരം
**iii.**ഭാരതപര്യടനം
**iv.**ഭാരതപരിണാമം

**4.**മഹാഭാരതം രചിക്കപ്പെട്ടതിന്റെ മുഖ്യ ലക്ഷ്യത്തെക്കുറിച്ച് മാരാര് എന്ത് അഭിപ്രായം ആണ് പറഞ്ഞത്**?**
**i.**രാജ്യഭരണത്തെക്കുറിച്ച് പ്രതിപാദിക്കാൻ
**ii.**ശ്രീകൃഷ്ണന്റെ ജീവചരിത്രം പറയാൻ

**iii.**യുദ്ധം മനുഷ്യ സമൂഹത്തിൽ വരുത്തിയ സർവ്വനാശത്തെ കുറിച്ച് പറയാൻ
**iv.**പാണ്ഡവ കൗരവ പ്രധാന കഥാപാത്രങ്ങളെ കുറിച്ച് അറിയാൻ

**5.**പാണ്ഡവരുടെ വിജയത്തെ വിശേഷിപ്പിച്ചത് എന്ത്**?**
**i.**കുറ്റമറ്റ വിജയം
**ii.**മികവാർന്ന വിജയം
**iii.**വല്ല പാടും നേടിയ വിജയം
**iv.**കരുത്തുകൊണ്ട് നേടിയ വിജയം

**6.**പടക്കളത്തിൽ വീണു കിടക്കുന്ന ദുര്യോധനനെ കാണുവാൻ ആദ്യമായി വന്നതാര്**?**
**i.**അശ്വത്ഥാമാവ്
**ii.**സഞ്ജയൻ
**iii.**ഭീമൻ
**iv.** കൃപൻ

**7.**പാണ്ഡവർക്ക് എത്ര അക്ഷൗഹിണിപ്പട ഉണ്ടായിരുന്നു**?**
**i.7**
**ii.6**
**iii.5**
**Iv.11**

**8.**കൗരവരിൽ അവശേഷിക്കുന്നവരിൽ പെടാത്തത് ആര്**?**
**i.**അശ്വത്ഥാമാവ്
**ii.**കൃപർ
**iii.**കർണ്ണൻ
**iv.**കൃതവർമ്മാവ്

**9.**രാജാവിൻറെ ഈ വിലാപം കേട്ട് ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞു പോയി
ഏത് രാജാവിൻറെ വിലാപം കേട്ട്**?**
**i.**യുധിഷ്ഠിരൻ
**ii.**ധൃതരാഷ്ട്രർ
**iii.**ദുര്യോധനൻ
**iv.**ദ്രുപദൻ

**10.**'ആചാര്യപുത്രാ എന്നെ ശാസ്ത്രം കൊണ്ടു കൊന്നേക്കൂ'
ആരാണ് ആചാര്യൻ**?**
**i.**കൃപർ
**ii.**കൃതവർമാവ്
**iii.**സഞ്ജയൻ
**Iv.**ദ്രോണർ

**II.a.**അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക**.**

**1.**ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വച്ചു നടന്ന ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടുചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു

**2.**പുണ്യവും പ്രസിദ്ധവുമായ സ്വമന്തപഞ്ചകത്തിൽ കിടന്നു മരിക്കുകയാൽ ഞാൻ ശാശ്വത ലോകങ്ങൾ നേടും

**3.**യുദ്ധത്തിൽ വളരെ പരിക്കുകൾ ഏറ്റിട്ടുണ്ട് എങ്കിലും കൗരവപ്പടയിൽ മരിക്കാതെ ശേഷിച്ച ആ മൂന്നുപേർ വിവരമറിഞ്ഞു തേരിൽ പാഞ്ഞുവന്നു ചോരയിൽ ആണ്ട് നിലത്തു കിടന്നു ഉരുളുന്ന ദുര്യോധനനെ കണ്ടു

**4.**ആയുധ കവചാദികളില്ലെങ്കിലും തൊഴുതു കുമ്പിട്ടു നിന്നാലും ഒരുവനെയും അവർ വിടില്ല

**5.**ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു

**b.**
പ്രയോഗം മാറ്റുക

**1.**പല കടുംകൈകളും പാണ്ഡവർ ചെയ്തിട്ടുണ്ട്

**2.**ഞാൻ യജ്ഞം ചെയ്തു

**3.**പാപികൾ കള്ളത്തരം കൊണ്ടാണ് എന്നെ കൊന്നത്

**4.**ആ ദുഷ്ടന്മാർ കൊടുംക്രൂരത കാട്ടി എൻറെ അച്ഛനെ വധിച്ചു

**5.**ദ്രൗണി അയാളെ ചവിട്ട് ഉണർത്തി

**III.**ഉത്തരം എഴുതുക

**1.**"ഞാനിന്ന ഇന്ദ്രനെ പോലെയായി നിങ്ങൾക്ക് നല്ലത് വരട്ടെ സ്വസ്തി ഇനി സ്വർഗ്ഗത്തിൽ കാണാം" സന്ദർഭം എഴുതി ആശയം വ്യക്തമാക്കുക

**2.**" സമുദ്രം താണ്ടി സമ്പാദ്യം കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി. മരിച്ചവരോ, സ്വർഗ്ഗത്തിലായി". ആശയം വ്യക്തമാക്കുക?

**3.**ദുര്യോധനന്റെ വിലാപം കേട്ടപ്പോൾ ജനങ്ങളുടെ പ്രതികരണം എന്തായിരുന്നു? പ്രകൃതിയിൽ വന്ന മാറ്റം എന്ത്?

**4.** ധർമ്മയുദ്ധത്തിന്റെ നിയമങ്ങൾ എന്തെല്ലാമായിരുന്നു?

**5.**ദുര്യോധനൻ പടക്കളത്തിൽ വച്ച് അശ്വത്ഥാമാവിനെ സേനാധിപതിയായി അഭിഷേകം ചെയ്യാൻ നിർദ്ദേശിച്ചതിന് കാരണമെന്ത്?

**6.**ദുര്യോധനന്റെ പരാജയം കണ്ട അശ്വത്ഥാമാവിന്റെ പ്രതികരണം എന്തായിരുന്നു?

**7.**ദുര്യോധനന്റെ ഹൃദയോന്നതിയും ആഭിജാത്യവും പ്രകടമാകുന്ന സന്ദർഭം ഏത്?

**8.**ദുര്യോധനനിൽ കാണുന്ന ആദരണീയ ഗുണങ്ങളായി കുട്ടികൃഷ്ണമാരാർ ചൂണ്ടിക്കാട്ടുന്നത് എന്തെല്ലാം?

**9.** ഭാരതകഥയുടെ അവസാനം അഗാധമായ വിഷാദത്തിലാണ്. വിശദമാക്കുക.

**10.** അശ്വത്ഥാമാവിനെ ദുര്യോധനൻ ആശ്വസിപ്പിച്ചത് എങ്ങനെ?

**IV.**ഉപന്യാസം എഴുതുക
"യുദ്ധം വരുത്തി വയ്ക്കുന്ന നാശങ്ങൾ"

**V.** സ്വഅഭിപ്രായം രേഖപ്പെടുത്തുക

എക്കാലത്തും യുദ്ധം എന്നത് മനുഷ്യനും നാടിനും ആപത്താണ് ഇന്നത്തെ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്നയുദ്ധങ്ങളെയും കലാപങ്ങളെയും മുൻനിർത്തി നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക